# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 2583

19 /12/2012 - ൽ മറുപടിയ്ക്ക്

## ഔഷധ സസ്യത്തോട്ട പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി. വിഷ്ണുനാഥ്<br>ശ്രീ .വർക്കല കഹാർ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. പി.എ. മാധവൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ നടത്തിവരുന്ന ഔഷധ സസ്യത്തോട്ട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) | 1) ഔഷധസസ്യ സമ്പത്തിന്റെ സംരക്ഷണം, കൃഷി, ശാസ്ത്രീയ ഉപയോഗം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക.<br>2) സ്കൂളുകളുടെ പരിസരത്ത് ഹരിത സമ്പത്ത് വർദ്ധിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക.<br>3) വിവിധ തരത്തിലുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രചോദനവും അതിനുള്ള അവസരവും കുട്ടികൾക്ക് നൽകുക.<br>4) തദ്ദേശീയവും വംശനാശ ഭീഷണി നേരിടുന്നതുമായ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുക<br>5) സ്കൂളുകളുടെ പരിസരത്ത് ലഭ്യമായ സ്ഥലം ഔഷധ സസ്യസംരക്ഷണ - ത്തിനായി പ്രയോജനപ്പെടുത്തുക.<br>6) ഔഷധ സസ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ചികിത്സാ സമ്പ്രദായത്തിൽ അവയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വിജ്ഞാനവ്യാപനം നടത്തുക.<br>7) സ്കൂൾ പരിസരത്ത് ആരോഗ്യകരമായ ഒരു ഹരിതാന്തരീക്ഷം ഉണ്ടാക്കിയെടുക്കുക |

| | | | |
|---|---|---|---|
| ബി | സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലെ സ്കൂളുകളിൽ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാനത്തെ 14 ജില്ലകളിലായി 900 ത്തോളം സ്കൂളുകളിൽ പ്രസ്തുത പദ്ധതി ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മേൽ പദ്ധതി തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കണ്ണൂർ തുടങ്ങിയ ജില്ലകളിലെ തെരെഞ്ഞെടുക്കപ്പെട്ട 250 സ്കൂളുകളിൽ കൂടി (ഒരു ജില്ലയിൽ 50 സ്കൂളുകൾ) നടപ്പിലാക്കുവാനാണ് ഔഷധ സസ്യബോർഡ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് സർക്കാർ ആയുർവേദ ഗവേഷണകേന്ദ്രം പൂജപ്പുരയും, കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ ഔഷധിയും, മലപ്പുറം, പാലക്കാട് ജില്ലകളിൽ കേരള വനഗവേഷണ കേന്ദ്രവുമാണ്. |
| സി) | ഏത് ഏജൻസികളുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | സി) | 1) കേരള വനം വകുപ്പ്- സാമൂഹ്യ വനവൽക്കരണ വിഭാഗം<br>2) സർക്കാർ ആയുർവേദ ഗവേഷണ സ്ഥാപനം, പൂജപ്പുര, തിരുവനന്തപുരം<br>3) ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, കുട്ടനെല്ലൂർ, തൃശ്ശൂർ<br>4) ഓയിസ്കാ (OISCA) ഇന്റർനാഷണൽ, കോഴിക്കോട്<br>5) കേരള വനഗവേഷണ സ്ഥാപനം, പീച്ചി, തൃശ്ശൂർ |
| ഡി) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ